**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** **12-01-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ 108 ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗിച്ചിരുന്ന 108 ആംബുലൻസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗിച്ചു കൊണ്ടിരുന്നതും ഇപ്പോൾ നിർത്തിയിട്ടിരിക്കുന്നതുമായKL01-AY-1924, KL01-AY-1911 എന്നീ ആംബുലൻസുകളുടെ ഫിറ്റ്നസ്സ്, ഇൻഷ്വറൻസ് കാലാവധി എന്നിവ അവസാനിച്ചിരിക്കുകയാണ്. |
| (ബി) | കേടായിക്കിടക്കുന്ന പഴയ 108 ആംബുലൻസുകൾ അറ്റകുറ്റപ്പണി നടത്തിവാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുനരുപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേടായിക്കിടക്കുന്ന ആംബുലൻസുകളിൽ KL01-AY-1911 ന് മേജർ റിപ്പയറിംഗ് ജോലികൾ ഉള്ളതിനാൽ വലിയ തുക ചിലവാക്കേണ്ടി വരുമെന്നതിനാൽ ടി വാഹനത്തിന്റെ റിപ്പയറിംഗ് ജോലികൾ നടത്തി വീണ്ടും ഉപയോഗിക്കുന്നത് ഉചിതമല്ല. എന്നാൽ KL01-AY-1924 നമ്പർ ആംബുലൻസിന്റെ ഫിറ്റ്നസ് എടുത്ത് ഇൻഷ്വറൻസ് പുതുക്കിയാൽ ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്നപക്ഷം റിപ്പയറിംഗ് നടത്തി ഇൻഷ്വറൻസ് പുതുക്കി ടി വാഹനം പ്രവർത്തന സജ്ജമാക്കുന്നതാണ്. കനിവ് 108 ആംബുലൻസ് പദ്ധതിയുടെ കീഴിൽ KL22-M-6121 എന്ന വാഹനം നിലവിൽ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി വാഹനം 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. |

സെക്ഷൻ ഓഫീസർ